(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

എമർജൻസി റെസ്പോൺസ് സെന്റർ സ്ഥാപിക്കാൻ നടപടി

*3 [591] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*

„ *സാജു പോൾ:*

„ *പി. സി. ജോർജ്ജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകട സാദ്ധ്യതയുള്ള വ്യവസായ ശാലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കായി സുസജ്ജമായ ഒരു ആരോഗ്യകേന്ദ്രം സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയാണെന്നും എന്തെല്ലാം സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

(സി) രാസപദാർത്ഥങ്ങളുമായി ബന്ധപ്പെട്ട അത്യാഹിതങ്ങൾ നേരിടുന്നതിനായി എമർജൻസി റെസ്പോൺസ് സെന്റർ സ്ഥാപിച്ചിട്ടുണ്ടോ; ഇതിനായി തൊഴിൽ വകുപ്പ് ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കുമോ?

തൊഴിൽ വകുപ്പു മന്ത്രി *(ശ്രീ. ബാബു ദിവാകരൻ):*

(എ) & (ബി) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിനു കീഴിൽ ഇപ്പോൾ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന ഇൻഡസ്ട്രിയൽ ഹൈജീൻ ലബോറട്ടറിയെ അപകട സാദ്ധ്യതയുള്ള വ്യവസായ ശാലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കുവേണ്ടിയുള്ള ഒരു സുസജ്ജമായ ആരോഗ്യ കേന്ദ്രം ആക്കി മാറ്റാൻ ഉദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനം ആയിട്ടില്ല.

(സി) രാസപദാർത്ഥങ്ങളുമായി ബന്ധപ്പെട്ട അത്യാഹിതങ്ങൾ നേരിടുന്നതിനായി എറണാകുളത്ത് ഒരു കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്റർ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. ഇതിനായി ബജറ്റിൽ 5 ലക്ഷം രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. ഈ തുക ചെലവഴിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly